# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 472 — 07.01.2014 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട്

**ചോദ്യം**

ശ്രീ. പി.എ. മാധവൻ

ശ്രീ. സി.പി. മുഹമ്മദ്

ശ്രീ.കെ. ശിവദാസൻ നായർ

ശ്രീ. വി.പി. സജീന്ദ്രൻ

(എ) സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന വിശദമാക്കുമോ;

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാധ്യത തുക എഴുതിത്തള്ളുന്നതിനായി "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് മുഖേന 01.04.2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി നിബന്ധനയിൽ 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തുകയും മാരക രോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെ വായ്പ ബാധ്യതയിലെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധി വരെയുള്ള [ഇപ്പോൾ $1^1/_2$ (ഒന്നര ലക്ഷം) ലക്ഷം രൂപ മുതലും അതിന്റെ പലിശയും] വായ്പാ ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുക എന്നതാണ് "കേരള സഹകരണ റിസ്ക് ഫണ്ട്

പദ്ധതി" യുടെ ഉദ്ദേശ്യ ലക്ഷ്യം.

| | | | |
|---|---|---|---|
| (സി) | പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയത്; | (സി) | മരണപ്പെട്ട വായ്പക്കാരുടെ വായ്പ തുക എഴുതിത്തള്ളിയ ഇനത്തിലും മാരക രോഗം ബാധിച്ച വായ്പക്കാർക്ക് ആനുകൂല്യം നൽകിയ ഇനത്തിലുമായി 31.12.2013 വരെ **60.13** കോടി രൂപ റിസ്ക് ഫണ്ട് ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയാണ് ഈ പദ്ധതി നടപ്പാക്കിയത്. |

സെക്ഷൻ ഓഫീസർ